പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 7970 | 24-07-2012 ൽ മറുപടിക്ക്

## സുരക്ഷാ ജോലികൾക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബിയിൽ സുരക്ഷാ ജോലികൾക്കായി വിമുക്ത ഭടന്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; | (എ) | വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ വിമുക്ത ഭടന്മാരെ സുരക്ഷാ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര പേർ എത്ര കാല മായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസരണ വിഭാഗത്തിലും, ഉല്പാദന വിഭാഗത്തിലുമായി 718 പേർ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ സുരക്ഷാ ജോലികൾ ചെയ്തു വരുന്നു. ഒരു വർഷത്തെ കോൺട്രാക്ട് അടിസ്ഥാന ത്തിലാണ് ഇവരെ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇപ്രകാരം ജോലി ചെയ്തിരുന്ന വിമുക്ത ഭടന്മാരെ പിരിച്ചു വിട്ടിട്ടുണ്ടോ; | (സി) | സുരക്ഷാ ജോലികൾ ഏറ്റെടുത്തിട്ടുള്ള ഏജൻസികളിൽ നിന്ന് ടെണ്ടർ സ്വീകരിച്ച് വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിശ്ചിത കാലയളവിലേക്കാണ് വർക്ക് കൊടുക്കുന്നത്. |
| (ഡി) | എങ്കിൽ പിരിച്ചു വിടാനുണ്ടായ സാഹ ചര്യമെന്താണെന്നും അവർക്ക് പകരം പ്രസ്തുത ജോലിക്ക് ആരൊ ക്കെയാണ് ചുമതല പ്പെടുത്തിയതെ ന്നും ഏത് ഏജൻസിവഴിയാണ് ചുമതലപ്പെടുത്തിയതെന്നും അറിയിക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | സുരക്ഷാ ജോലികൾക്ക് പരിചയ സമ്പന്നരായ വിമുക്ത ഭടന്മാർക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിചയ സമ്പന്നരായ വിമുക്തഭടന്മാരെയാണ് ടെണ്ടർ മുഖേന നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ